**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 240** **04-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് വാക്സിൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാരിൽ നിന്ന് സൗജന്യമായും അല്ലാതെയും ലഭ്യമാകുന്ന കോവിഡ് 19 വാക്സിനുകളുടെ വിവരങ്ങൾ പ്രത്യേകമായി വിശദീകരിക്കാമോ; | (എ) | കേന്ദ്രസർക്കാരിൽ നിന്ന് സൗജന്യമായും അല്ലാതെയും ലഭ്യമാകുന്ന കോവിഡ് 19 വാക്സിനുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാന സർക്കാർ നേരിട്ട് ഉല്പാദകരിൽ നിന്നോ ഏജൻസികളിൽ നിന്നോ വാക്സിൻ വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ നൽകാമോ; | (ബി) | ഭാരത് ബയോടെക് ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും കോവാക്സിന്റെ 1,37,580 ഡോസും സിറം ഇൻസ്റ്റിറ്റ്യൂട്ട് ലൈഫ് സയൻസസ് പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും കോവിഷീൽഡ് വാക്സിന്റെ 22,04,960 ഡോസും ഉൾപ്പെടെ ആകെ 23,42,540 ഡോസ് വാക്സിൻ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സർക്കാർ നേരിട്ട് സംഭരിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ സംസ്ഥാനത്ത് വാക്സിൻ ദൗർലഭ്യം ഉണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | നിലവിൽ സംസ്ഥാനത്തിന് ആവശ്യത്തിന് കോവിഷീൽഡ് സ്റ്റോക്കുണ്ട്. കോവാക്സിൻ നേരിയ കുറവുണ്ട്. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്ന് ലഭിച്ച ആശയവിനിമയമനുസരിച്ച് കുറച്ച് ദിവസങ്ങൾക്കുള്ളിൽ പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | സംസ്ഥാനത്ത് നാളിതുവരെ എത്ര ശതമാനം പേർ വാക്സിൻ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ഡി) | 2021 – ലെ എസ്റ്റിമേറ്റ് ജനസംഖ്യ അനുസരിച്ച് സംസ്ഥാനത്ത് 18 വയസ്സിൽ കൂടുതൽ പ്രായമുള്ളവരിൽ 92% പേർക്ക് ഒന്നാം ഡോസ് വാക്സിനും, 40% പേർക്ക് രണ്ടാം ഡോസ് കോവിഡ് വാക്സിനും നൽകിയിട്ടുണ്ട്. |
| (ഇ) | ഇതുവരേയും വാക്സിൻ സ്വീകരിക്കാത്തവർക്ക് അവ നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഇ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ കോവിഡ് വാക്സിനേഷൻ സെന്ററുകളിലും കോവിഡ് വാക്സിൻ ലഭ്യമാണ്. ഇതുവരെ വാക്സിൻ സ്വീകരിക്കാത്തവർക്ക് കോവിൻ പോർട്ടൽ വഴി ബുക്ക് ചെയ്തോ, വാക്സിനേഷൻ സെന്ററുകളിൽ നേരിട്ട് പോയോ വാക്സിൻ സ്വീകരിക്കാവുന്നതാണ്. ആരോഗ്യവകുപ്പ് കോവിഡ് വാക്സിനേഷനെ സംബന്ധിച്ച് ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| COVID Vaccine Summary (As per Channel of Supply) | | | | |
|---|---|---|---|---|
| Channel of Supply | Total doses received | Doses given to AFMS | Doses given to Mahe | Net Dose received by State |
| GOI (free of cost) | 30618800 | 44500 | 61000 | 30513300 |
| GOK (State Procurement) | 1342540 | 0 | 0 | 1342540 |
| CSR | 250000 | 0 | 0 | 250000US |
| Total | 32211340 | 44500 | 61000 | 32105840 |